"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ്-മാനന്തവാടി നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ അരുൺരാജിന് പഠനാവശ്യത്തിനായി 2 വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.55/2023/LSGD തീയതി,തിരുവനന്തപുരം, 09-01-2023

---

പരാമർശം:-

1. ശ്രീ അരുൺരാജിന്റെ 19-9-2022 തീയതിയിലെ അവധി അപേക്ഷ.
2. മാനന്തവാടി നഗരസഭാ സെക്രട്ടറിയുടെ 28-9-2022 തീയതിയിലെ ജി1-8632/17 നമ്പർ കത്ത്.
3. നഗരകാര്യഡയറക്ടറുടെ 31-10-2022 തീയതിയിലെ DUA/9561/2022-E9 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മാനന്തവാടി നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ അരുൺരാജിന് പഠനാവശ്യത്തിനായി 22-9-2022 മുതൽ 21-9-2024 വരെ 2 വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരമുള്ള ശ്രീ അരുൺരാജിന്റെ അവധി അപേക്ഷ പരാമർശം (3) പ്രകാരം നഗരകാര്യഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു. ശ്രീ അരുൺരാജ് പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ളതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശ്രീ.അരുൺ രാജ് കോഴിക്കോട് സർവ്വകലാശാലയുമായി അഫിലിയേഷനുള്ള യൂണിവേഴ്സിറ്റി ടീച്ചർ എജ്യൂക്കേഷൻ സെന്ററിൽ 20-9-2022-ന് താൽക്കാലിക പ്രവേശനം നേടിയിട്ടുണ്ടെന്നും ടി കോഴ്സ് 22-9-2022-ന് ആരംഭിക്കുമെന്നും പ്രസ്തുത കോഴ്സിന്റെ കാലാവധി 2 വർഷമാണെന്നും പ്രിൻസിപ്പൽ അറിയിച്ചിരുന്നു.

2.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മാനന്തവാടി നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.അരുൺ രാജ്-ന് പഠനാവശ്യത്തിനായി 22-9-2022 മുതൽ 21-9-2024 വരെ KSR ഭാഗം I,അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, മാനന്തവാടി നഗരസഭ.(നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ.അരുൺരാജ്,ഓഫീസ് അറ്റൻഡന്റ്(നഗരകാര്യ ഡയറക്ടർ മുഖേന)

സ.ഉ.(സാധാ) നം.55/2023/LSGD

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by Sonu Jacob
Date: 09-01-2023 12:59:17
സെക്ഷൻ ഓഫീസർ